**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3087** **04-08-2021 - ൽ മറുപടിയ്ക്ക്**

**ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പേരിൽ നടത്തുന്ന തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ചികിത്സാ സഹായം ഉൾപ്പെടെ സംസ്ഥാനത്ത് നടന്നു വരുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്തെല്ലാം; ഇവയ്ക്കുള്ള സർക്കാർ നിയന്ത്രണങ്ങൾ എന്തെല്ലാമെന്നും ഇതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി ആവശ്യപ്പെട്ട വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പേരിൽ യൂട്യൂബർമാർ പിരിവു നടത്തി പണം സ്വന്തം അക്കൗണ്ടിൽ ശേഖരിക്കുന്നതായും ആർക്കും ആരുടെ പേരിലും പണപ്പിരിവു നടത്താവുന്ന രീതി നിലനില്ക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ കണ്ടെത്തി; എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പേരിൽ പിരിവു നടത്തി പണം സ്വന്തം അക്കൗണ്ടിൽ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് 4കേസുകൾ രജിസ്റ്റർ ചെയ്യുകയും 7 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത ജീവകാരുണ്യപ്പിരിവ് സുതാര്യമാക്കി ഗുണഭോക്താക്കളായവരിൽ എത്തിക്കാനും, പണം തട്ടുന്ന സംഘങ്ങളെയുൾപ്പെടെ കണ്ടെത്തി ശിക്ഷ ഉറപ്പാക്കാനും ഇതിനായി ഒരു സമഗ്ര നയം ഉറപ്പു വരുത്താനുമായി എന്ത് നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള നിയമപ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. ജീവകാരുണ്യ- പിരിവ് സുതാര്യമാക്കാൻ പര്യാപ്തമായ സംവിധാനമുണ്ടാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ